## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3723 — 24. 06. 2014 ൽ മറുപടിക്ക്

### കേടായ സി.എഫ് . ലാംപുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ. മോൻസ് ജോസഫ് — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് എത്ര സി.എഫ്. ലാംപുകളാണ് പൊതുജനങ്ങൾക്ക് നൽകിയത് എന്ന് വ്യക്തമാക്കുമോ? | (എ) | എനർജി മാനേജ്മെന്റ് സെന്ററും, കെ.എസ്.ഇ. ബിയും ചേർന്ന് നടപ്പിലാക്കിയ ബചത് ലാമ്പ് യോജന പരിപാടിയുടെ ഭാഗമായി 1,26,14,020 സി.എഫ്.ലാമ്പുകൾ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | സി.എഫ്. ലാംപുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്;<br><br>ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിലൂടെ അതിലടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് പരിസര മലിനീകരണത്തിനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഉപയോഗശൂന്യമായ സി.എഫ്.എൽകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (സി) | കേടായ സി.എഫ്.എൽ സംസ്കരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | സി.എഫ്.എൽ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവയുടെ ശേഖരണം, സംസ്കരണം, പ്ലാന്റുകളുടെ നിർമ്മാണം എന്നിവ സംബന്ധിച്ച വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ന്യൂഡൽഹി ആസ്ഥാനമായിട്ടുള്ള ഐ.ആർ.ജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. വിശദപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർഗ നിർദ്ദേശം ഉൾപ്പെടെ തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ